"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"
www.keralaprisons.gov.in

കേരള പ്രിസൺസ് &കറക്ഷണൽ
സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
0471-2342532
keralaprisons@gov.in

# സർക്കുലർ നം -11(KPCS/5771/2025-G2)

ജയിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ജയിൽചാട്ടങ്ങൾ മറ്റു ജയിൽവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി 2025 സെപ്റ്റംബർ 26 മുതൽ ഒക്ടോബർ 2 വരെ ജയിലുകളിൽ സ്പെഷ്യൽ ഡ്രൈവ് നടത്തുന്നത് സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

1. ജയിൽ വക സ്ഥലത്ത് മെറ്റൽ ഡിറ്റക്ടർ, മറ്റ് തെരച്ചിൽ ഉപകരണങ്ങൾ എന്നിവ ഉപയോഗിച്ച് വിശദമായ പരിശോധനകൾ നടത്തേണ്ടതും അനാവശ്യമായി കൂട്ടിയിട്ടിരിക്കുന്ന വസ്തുങ്ങൾ, ഉപയോഗശൂന്യമായ പാത്രങ്ങൾ, കയറുകൾ, ചരടുകൾ, ജയിൽ ചാട്ടത്തിനു ഉപയോഗിക്കുവാൻ കഴിയുന്ന മറ്റ് ഉപകരണങ്ങൾ എന്നിവ കണ്ടെത്തി ഡിസ്പോസ് ചെയ്യുക. ജയിലിന്റെ മതിലിനോട് ചേർന്ന് വാഴ, മറ്റ് വൃക്ഷങ്ങൾ എന്നിവയുണ്ടെങ്കിൽ അവ വെട്ടിമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

2. ജയിലിലെ എല്ലാ ബ്ലോക്കുകളും സെല്ലുകളും വിശദമായി പരിശോധിക്കുകയും സെല്ലിൽ താമസിക്കുന്ന തടവുകാരുടെ സാധന സാമഗ്രികൾ പരിശോധിക്കുകയും തടവുകാർ അനധികൃതമായി കൈവശം വച്ചിട്ടുള്ള സാധനങ്ങൾ നീക്കം ചെയ്യുണ്ടേതുമാണ്. ജയിൽ ചാട്ടത്തിന് സഹായമായ ലോഹ വസ്തുക്കൾ, ഉപകരണങ്ങൾ എന്നിവ കണ്ടെത്തുകയാണെങ്കിൽ ആയവ നീക്കം ചെയ്യേണ്ടതാണ്

3. ഡോഗ് സ്ക്വാഡിനെ ഉപയോഗിച്ച് ജയിലിനുള്ളിലെ ചെറിയതും കുടുസ്സായതുമായ സ്ഥലങ്ങൾ, ബാത്റൂമുകൾ, അടുക്കളയുടെ അടുത്തുള്ള സ്ഥലങ്ങൾ, ജയിൽ ഗേറ്റ്, ഇന്റർവ്യൂ റൂമുകൾ, മതിലിനോട് ചേർന്ന സ്ഥലങ്ങൾ, അനധികൃത വസ്തുക്കൾ ഒളിപ്പിച്ചു വയ്ക്കുവാൻ സാധ്യതയുള്ള സ്ഥലങ്ങൾ എന്നിവ പരിശോധിക്കേണ്ടതാണ്

4. ആയുധങ്ങൾ, മയക്കു മരുന്നുകൾ, മൊബൈൽ ഫോൺ, പണം എന്നിവ ജയിലിലേക്ക് കടക്കുന്നില്ലെന്നു കൃത്യമായ പരിശോധനയിലൂടെ ഉറപ്പു വരുത്തുക. തടവുകാരുടെ തലമുടി, താടി എന്നിവ അനുവദനീയമായ രീതിയിൽ മാത്രമാണോ പരിപാലിക്കുന്നതെന്ന വിവരം ഉറപ്പ് വരുത്തുക.

എല്ലാ സ്ഥാപനമേധാവികളും ഓരോ ദിവസത്തെയും(2025സെപ്റ്റംബർ 26 മുതൽ 2025 ഒക്ടോബർ 2 വരെ) സ്പെഷ്യൽ ഡ്രൈവുമായി ബന്ധപ്പെട്ട വിവരങ്ങൾ ബന്ധപ്പെട്ട മേഖലാ ഡി.ഐ.ജി കാര്യാലയങ്ങളിലേയ്ക്ക് അയക്കേണ്ടതും മേഖല ഡി.ഐ.ജിമാർ ക്രോഡീകരിച്ച് റിപ്പോർട്ട് 2025 ഒക്ടോബർ 5 നകം ജയിൽ ആസ്ഥാനകാര്യാലയത്തിലേയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

Vinod Kumar M K
DEPUTY INSPECTOR GENERAL

സ്വീകർത്താവ്ഃ- എല്ലാ ജയിൽസ്ഥാപനമേധാവികൾക്കും

Signed by
Vinod Kumar M K
Date: 26-09-2025 10:47:33